1. ഒഴിവാക്കപ്പെടേണ്ട കുടുംബങ്ങളെ കണ്ടെത്തുക.

2. സമൂഹത്തിലെ ദുർബല വിഭാഗങ്ങളിൽപ്പെടുന്ന ദരിദ്രരിൽ ദരിദ്രരായവരെ ഉൾപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

3. ബാക്കിയുള്ള കുടുംബങ്ങളെ തരംതിരിച്ച് ഏറ്റവും ദരിദ്രരായവരെ മുൻഗണനാക്രമത്തിൽ പട്ടികപ്പെടുത്തുക.

(ബി) ബി.പി.എൽ. സെൻസസ്സിനായുള്ള പൈലറ്റ് ടെസ്റ്റ് 2010 ആഗസ്റ്റ് മാസത്തിൽ നടത്തുന്നതിന് ഉദ്ദേശിക്കുന്നതായി കേന്ദ്രഗ്രാമവികസന മന്ത്രാലയം അറിയിച്ചിട്ടുണ്ട്. പൈലറ്റ് ടെസ്റ്റിന്റെ അവലോകനം നടത്തിയ ശേഷമേ രാജ്യവ്യാപകമായുള്ള ബി.പി.എൽ. സെൻസസ്സ് നടത്തുകയുള്ളൂ. ബി.പി.എൽ. സെൻസസ്സ് എന്ന് നടത്തണമെന്നത് സംബന്ധിച്ച അറിയിപ്പൊന്നും കേന്ദ്രഗ്രാമവികസന മന്ത്രാലയത്തിൽനിന്നും ലഭിച്ചിട്ടില്ല.

(സി) കമ്മിറ്റിയുടെ ശുപാർശ പ്രകാരം സംസ്ഥാനത്ത് ഗ്രാമപ്രദേശങ്ങളിലെ 23.62 ശതമാനം പേർ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരായി കണക്കാക്കാം.

നിർമ്മൽ ഗ്രാമ പുരസ്ക്കാരം ലഭിച്ച ഗ്രാമങ്ങൾ

102 (4725) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര പഞ്ചായത്തുകൾക്ക് നിർമ്മൽ ഗ്രാമ പുരസ്കാരം ലഭിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര ബ്ലോക്ക് പഞ്ചായത്തുകൾ നിർമ്മൽ പുരസ്കാരം നേടി എന്ന് അറിയിക്കുമോ ;

(സി) ഏതെങ്കിലും ജില്ല സമ്പൂർണ്ണ ശുചിത്വ ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 869 പഞ്ചായത്തുകൾക്ക്.

(ബി) 105 ബ്ലോക്ക് പഞ്ചായത്തുകൾക്ക്

(സി) തൃശ്ശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളെ നിർമ്മൽ ജില്ലാ പഞ്ചായത്തുകളായി പ്രഖ്യാപിച്ചിട്ടുണ്ട്.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ പ്രവർത്തനം

103 (4726) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എം. ജെ. ജേക്കബ് :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ വർഷം എന്തെല്ലാം പരിശീലന പദ്ധതികളാണ് നടത്തിയത് ;

(സി) അധികാര വികേന്ദ്രീകരണത്തിന്റെ കേരള മാതൃക സംബന്ധിച്ച് പരിശീലനവും ചർച്ചകളും സംഘടിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ഡി) 2010 ഒക്ടോബറിൽ നിലവിൽ വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പുതിയ ഭരണസമിതി അംഗങ്ങൾക്ക് സമയബന്ധിതമായി പ്രാഥമിക പരിശീലനം നൽകുന്നതിന് മുൻകൂട്ടി പദ്ധതികൾ ആവിഷ്ക്കരിക്കുമോ ?

ഉത്തരം

(എ) 1. അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 'കില'യിലും ജില്ലാതലങ്ങളിലും ഹെൽപ്പ് ഡെസ്ക് സംവിധാനം ഏർപ്പെടുത്തി. ജില്ലകളിൽ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ കോ-ഓർഡിനേറ്റർമാരെ നിയമിച്ചു.

2. തിരുവനന്തപുരം, കണ്ണൂർ ആസ്ഥാനമായി മേഖലാ പരിശീലന കേന്ദ്രങ്ങൾ തുടങ്ങുവാൻ തീരുമാനിച്ചു.

3. കിലയിൽ താഴെപ്പറയുന്ന 3 'ചെയർ' (പരിശീലന കേന്ദ്രം) ആരംഭിക്കാനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

1. Poverty and Livelihood Promotion

2. പ്രകൃതി വിഭവ പരിപാലനം

3. ജന്റർ ആന്റ് ഡെവലപ്മെന്റ്

4. ആധുനിക രീതിയിലുള്ള ലൈബ്രറി പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു.

5. അന്തർദേശീയ പരിശീലനങ്ങൾക്കായി ആധുനിക രീതിയിലുള്ള ഹോസ്റ്റൽ നിർമ്മാണം ആരംഭിച്ചു.

(ബി) കഴിഞ്ഞ ഒരു വർഷക്കാലത്തെ 'കില' യുടെ പ്രവർത്തനങ്ങളിൽ പ്രധാനമായും ഊന്നൽ നൽകി നടപ്പാക്കിയത് താഴെപ്പറയുന്നവയാണ്.

- തൊഴിലും വീടും ജനകീയ കാമ്പയിൻ പരിശീലനങ്ങൾ
- ഇ.എം.എസ്. പാർപ്പിട പദ്ധതി പരിശീലനങ്ങൾ
- പഞ്ചായത്ത് ഓഫീസ് മാനേജ്മെന്റ് പരിശീലനങ്ങൾ
- പഞ്ചായത്ത് അക്കൗണ്ടിംഗ് പരിശീലനം
- നീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള പരിശീലനം

LIBRARY ARCHIVES Kerala Legislative Assembly

- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പരിശീലനം
- വനിതാ ജനപ്രതിനിധികളുടെ നേതൃശേഷി വികസന പരിശീലനം.
- പട്ടികജാതി - പട്ടിക വർഗ്ഗ പ്രൊമോട്ടർമാരുടെ പരിശീലനം
- പട്ടികജാതി സങ്കേതങ്ങളെ സംബന്ധിച്ച അടിസ്ഥാന വിവരശേഖരണത്തിനുള്ള പരിശീലനം

(സി) അധികാര വികേന്ദ്രീകരണത്തിന്റെ കേരള മാതൃക സംബന്ധിച്ച് എസ്.ഡി.സി. ക്യാപ്ഡെക്കിന്റെ സഹായത്തോടെ താഴെപ്പറയുന്ന ദേശീയ അന്തർദേശീയ ശിൽപ്പശാലകൾ സംഘടിപ്പിച്ചു.

അന്തർദേശീയ ശില്പശാലകൾ

1. ഡാക്ക - ബംഗ്ലാദേശ്
2. കൊളംബോ - ശ്രീലങ്ക

ദേശീയ ശിൽപ്പശാലകൾ

3. ശ്രീപെരുംപത്തൂർ - തമിഴ്നാട്
4. പുന - മഹാരാഷ്ട്ര
5. പാറ്റ്ന - ബീഹാർ
6. ഗോഹട്ടി - ആസ്സാം

ഇവ കൂടാതെ സാർക്ക് രാജ്യങ്ങളിൽ നിന്നും ഇതര സംസ്ഥാനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കിലയിൽവച്ച് പരിശീലനങ്ങളും ചർച്ചകളും സംഘടിപ്പിച്ചിട്ടുണ്ട്.

(ഡി) 2010 ഒക്ടോബറിൽ നിലവിൽ വരുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിലെ പുതിയ ജനപ്രതിനിധികൾക്ക് പരിശീലനം നൽകുന്നതിനുള്ള വ്യാപകമായ പ്രവർത്തനങ്ങൾ കില ഇതിനകം ആരംഭിച്ചുകഴിഞ്ഞു. പ്രധാനമായവ താഴെ കൊടുക്കുന്നു.

1. പരിശീലന മൊഡ്യൂളും കൈപ്പുസ്തകവും തയ്യാറാക്കുന്നതിനുള്ള ശിൽപ്പശാലകൾ 'കില' യിൽ നടന്നുവരുന്നു. ആഗസ്റ്റ് അവസാനത്തോടെ അന്തിമമാക്കുന്നതാണ്.

2. വിവിധ വിഷയങ്ങളിൽ ഫാക്കൽറ്റികളെ കണ്ടെത്തിയിട്ടുണ്ട്. അവർക്കുള്ള പരിശീലനം ആഗസ്റ്റിൽ ആരംഭിക്കുന്നതാണ്.

3. ഇവ കൂടാതെ ജനപ്രതിനിധികൾക്കുള്ള പ്രാഥമിക പരിശീലന പരിപാടി ഒക്ടോബറിൽ തുടങ്ങുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly